# നിർമ്മിതബുദ്ധി സർഗ്ഗാത്മകതയോ സംഹാരമോ?

ലോകം പുരോഗതിയുടെ മേൽത്തട്ടിൽ നിറഞ്ഞുപ്രസരിക്കുന്നയൊരു കാലത്തിലേക്ക് നാം എല്ലാവരും സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ആ പുരോഗതിയിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് നിർമ്മിതബുദ്ധി. രാവിലെ എഴുന്നേൽക്കുമ്പോൾ മുതൽ വൈകിട്ട് ഉറങ്ങുന്നതിനു മുമ്പ്‌വരെ നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ആശയത്തെയും കഴിവിനെയും കൂട്ടിയിണക്കി നിർമ്മിച്ച ഈ നിർമ്മിതബുദ്ധിയുടെ പ്രകൃതിയോടുള്ള പങ്കുചേരൽ സർഗ്ഗാത്മകതയോ അതോ സംഹാരമോ? എന്ന ചോദ്യത്തിന് ഇവിടെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

ഓരോ ദിവസം ചെല്ലും തോറും മനുഷ്യനെപ്പോലെ തന്നെ പ്രവർത്തിക്കാനുള്ള റോബോട്ടിന്റെ പ്രത്യേകത നിർമ്മിതബുദ്ധിയുടെ ഒരു നേട്ടം തന്നെയെന്ന് പറയാം. റോബോട്ടുപോലുള്ള പലതും മനുഷ്യചെയ്തികൾ സ്വീകരിക്കുമ്പോൾ മനുഷ്യന്റെ കഠിനാധ്വാന പ്രവണത കുറയുന്നു എന്നത് ഇതിന്റെയൊരു കോട്ടമായും കാണാം. ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാനാവും ഒരു നിർമ്മിതബുദ്ധി ഓരോ മനുഷ്യമനസ്സുകളിലും പ്രതികകളും അതുപോലെതന്നെ മുറിവുകളും വീഴ്ത്തുന്നുണ്ടെന്ന്.

മൊബൈൽഫോൺ, സ്മാർട്ട്‌വാച്ച്, ടി.വി, കമ്പ്യൂട്ടർ, ..... തുടങ്ങിയ നിരവധി കാര്യങ്ങൾ നിർമ്മിതബുദ്ധി വികസിപ്പിച്ചു. ഇത് മനുഷ്യനിലേക്ക് നൽകുന്ന ഉപകാരങ്ങൾ അത്ര ചെറുതല്ല.

കേരള സ്കൂൾ കലോത്സവം ... തീയതി................ പ്രോഗ്രാം കമ്മിറ്റി

ഒരു ഓഫീസിൽ കയറിയാൽ അവി-
ടുത്തെ എല്ലാ കാര്യങ്ങളും
നിർമ്മിത ബുദ്ധിയുടെ സഹായ-
ത്താൽ കമ്പ്യൂട്ടറിൽ സൂക്ഷിച്ചു-
വയ്ക്കാൻ നമുക്ക് ആവും. എന്നാൽ
ഒരു നിമിഷത്തേക്ക് ഇതിന്റെ
പ്രവർത്തനം അറ്റുപോയാൽ അത്
ഉണ്ടാക്കുന്ന ഭീകരത ചിന്തിക്കുന്ന-
തിലുമപ്പുറമായിരിക്കും എന്ന
കാര്യം തീർച്ചയാണ്. ഈ തകരാറ്
കമ്പ്യൂട്ടറിൽ മാത്രമാണ് കാണു-
ന്നതെന്നല്ല ഉദ്ദേശിച്ചത്, മറിച്ച്
എല്ലാത്തരം സാങ്കേതികവിദ്യക്കും
ഈ അപകടം വരാം, വന്നാൽ
അതിന്റെ കടന്നുകയറ്റം നമ്മുടെ
മനുഷ്യജീവിതത്തെ പ്രതികൂലമായി
ബാധിക്കും. അതിനാൽതന്നെ
മനുഷ്യന്റെ എല്ലാ കാര്യവും എപ്പോ-
ഴാണ് തകർന്നടിയുന്നതെന്ന്
പറയാൻ പറ്റില്ല. പകരക്കാ-
രനില്ലാത്ത അവരക്കാരൻ എന്നാ-

പോലെ അത് നമ്മുടെ ജീവിത-
ത്തിൽ സ്ഥാനം കൈവരിച്ചിരിക്കുന്നു.
ഇതിൽനിന്ന് മനുഷ്യൻ നിർമ്മിത
ബുദ്ധിയിൽ വയ്ക്കുന്ന പ്രതീക്ഷ
നമുക്ക് കാണാം. കാരണം, കൈതാറുകൾ
ഒന്നിനും ഉണ്ടാകില്ല എന്ന പ്രതീക്ഷ-
യോടെയാണ് ഓരോ മനുഷ്യനും തന്റെ
ഓരോ മിനിട്ടും മുമ്പോട്ട് വയ്ക്കുന്നത്.

നിർമ്മിതബുദ്ധി നമ്മുടെ
ജീവിതത്തിൽ നേട്ടങ്ങളും കോട്ടങ്ങളും
വരുത്തുന്നു. അത് സർഗ്ഗാത്മകത
യാണോ സംഹാരമാണോ എന്ന്
ചോദിച്ചാൽ ഉത്തരം
ഒന്നേയുള്ളൂ - രണ്ടും ആയേക്കാം, അത്
കാരണം, ഓരോ മനുഷ്യജീവിതത്തിലും
ഓരോ കാഴ്ചപ്പാടാണ് അത് കാഴ്ചവയ്ക്കു-
ന്നത്. ഓരോ അനുഭവത്തിലൂടെയും
ഓരോ സാഹചര്യങ്ങളിലൂടെയും
ആണ് നാം അതിന്റെ നേട്ട-
ങ്ങളെയും ദോഷങ്ങളെയും വീക്ഷിക്കു-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നാണ്. അത് നമ്മിൽ പ്രതീക്ഷകളെയും മറിച്ച് അപ്രതീക്ഷിതമായ കാര്യങ്ങളെയും ഉണ്ടാക്കിയേക്കാം. അതിനാൽ തന്നെ സർഗ്ഗാത്മകതയും സംഹാരവും അതിന്റെ പ്രത്യേകതകളാണ്.

നമ്മൾ ഭൂമിയിൽ താത്പര്യം വയ്ക്കുന്ന ഓരോ വസ്തുക്കളും നമ്മിൽ ഭയം ജനിപ്പിക്കുന്നവയാണ് എന്ന് നാം കേട്ടിട്ടുണ്ട്. അതിന് ഉദാഹരണമാണ് നിർമ്മിതബുദ്ധി, സ്നേഹം, അഭിമാനം, .... തുടങ്ങിയവയെല്ലാം. നിർമ്മിതബുദ്ധി - അത് തകരുമോ എന്നതോ നമ്മളെ കൈയടക്കുമോ എന്ന പേടി, സ്നേഹം - അത് കളങ്കപ്പെടുമോ എന്ന ഭയം, അഭിമാനം - അത് നഷ്ടപ്പെടുമോ എന്നുള്ള ഭയം, ... എന്നാൽ ഇങ്ങനെ ഭയപ്പെട്ടിട്ടും കാര്യമില്ല. അതിനാൽ തന്നെ നിർമ്മിതബുദ്ധിയുടെ ഉപയോഗം വളരെ സൂക്ഷ്മതയോടെ വീക്ഷിച്ചാൽ അത് നമ്മൾക്ക് ഒരു

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

തിരിച്ചടിയാകില്ല.

മനുഷ്യന്റെ പുരോഗതി നിർമ്മിതബുദ്ധിയുടെ പുരോഗതിയിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ആകാശത്തോളം പറന്ന് നടക്കുന്ന അറിവിന്റെ തുമ്പികളെ കൈയെത്തിപിടിക്കാ-നുള്ള മനുഷ്യന്റെ പാതയിൽ എഐ ഒരു വലിയ സഹായി തന്നെയാണ്. അറിവിന്റെ കുടമണിഞ്ഞ എഐയുടെ കടന്നുവരവ് ലോക പുരോഗതിയോടൊപ്പം മനുഷ്യവളർച്ച-ക്കും പ്രധാന നേട്ടം ~~[illegible]~~ വാങ്ങി-ക്കൊടുക്കാൻ അവസരം ഒരുക്കി.

ഓരോ ദിവസം കഴിയും തോറും ഓരോ കണ്ടു-പിടുത്തങ്ങൾ മനുഷ്യൻ ലോക-ത്തിന് സമ്മാനിക്കുന്നു എന്നത് ഒരു വലിയ ഭാഗ്യമാണ്. അതിനെ സ്നേഹിക്കുന്നതോടൊപ്പം അതിനെ സൂക്ഷിക്കുകയും വേണം എന്ന

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 - തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 643

Participant Code: 036

കാര്യം ശ്രദ്ധിക്കുക. ഓരോ ഘട്ടത്തിലും ഓരോ മുള്ളുകൾ ഒളിഞ്ഞിരിക്കുക സ്വാഭാവികമാണ്. അതിനെ തരണം ചെയ്യുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിനെ വിവേകബുദ്ധിയോടെ സമീപിച്ചില്ലെങ്കിൽ നമ്മുടെ അതിന്റെ പ്രതികൂല സാഹചര്യങ്ങളും കാഠിന്യമേറിയതായിരിക്കും.

നിഴലും വെളിച്ചവും മാറിമാറി പ്രതിഫലിക്കുന്ന ഒരു കണ്ണാടിപോലെയാണ് ജീവിതം. നമ്മുടെ മുമ്പോട്ടുള്ള യാത്ര സുഖകരമെന്ന് സൂചിപ്പിക്കുന്ന തരത്തിലുള്ള ദീപക്കാഴ്ചകളും യാത്ര തടസ്സപ്പെടുത്തുന്നവെന്ന് സൂചിപ്പിക്കുന്ന ഇരുൾക്കാഴ്ചകളും കാണാം. ഇരുളിനെ ഒഴിവാക്കി ഒരു പ്രയാണമുണ്ടോ? വെളിച്ചം കാണാനാവാതെ മുമ്പോട്ടുപോകാനാകുമോ? നിഴലും വെളിച്ചവും

ഇത്തരത്തിൽ മാറി മാറി കൂട്ടിനവരും
സുഖവും ദുഃഖവുമായി കൂടെക്കൂടും
കയറ്റിറക്കങ്ങളായി ഭാവം മാറും.
വിജയപരാജയങ്ങളുടെ കണക്കെ-
ടുപ്പുകൾ നടത്തും. ഇത്തരത്തി-
ലായിരിക്കും ഒരു മനുഷ്യന്റെ
ജീവിതസാഹചര്യങ്ങൾ.

ഈ വിലപ്പെട്ട നിമിഷ-
ങ്ങൾക്കിടയിലും നിർമ്മിതബുദ്ധി-
യെന്ന ആഗോളതാത്പര്യ വ്യവസ്ഥ-
യെ വികസിപ്പിച്ചെടുക്കാൻ പ്രേരിപ്പി-
ച്ച അവന്റെ മനസ്സ് എന്നും ഉയര-
ത്തിലായിരിക്കും.

ഒരു നിമിഷം സൂര്യന്റെ
ചൂട് കൂടി അത് ചാരമായാൽ
ആ ചാരത്തിൽനിന്നും
വേറൊരു തിട്ട ഉന്നതിയുണ്ടാക്കാൻ
മനുഷ്യകത്തിന് സാധ്യമാണ്.
അതിന്റെ നേർരേഖാചിത്രമാണ്
ഈ നിർമ്മിതബുദ്ധി. മനുഷ്യന്റെ
ബുദ്ധിപുരോഗതിയുടെ സംഭാവനയാണ്

ഉപസംഹാരം.

മനുഷ്യന്റെ ചങ്ങാതിയായി മാറിയിരിക്കുന്നതിന് തുല്യമാണ് നിർമ്മിതബുദ്ധിയുടെ പോക്ക്. മനുഷ്യന്റെ ജോലികൾ എളുപ്പത്തിൽ തീർത്തും രാവും പകലും അവർക്കൊപ്പം സഞ്ചരിച്ചും അവരുടെ മനസ്സിൽ ഒരു സർഗ്ഗാത്മകത തീർത്തിരിക്കുകയാണ് എഐ.

പുരോഗതിയുടെ മകുടമണിഞ്ഞ് നിൽക്കുന്ന എഐ വളരും തോറും ഗുണങ്ങളോടൊപ്പം ദോഷങ്ങളും ഏറി വരുകയാണ് എന്ന യാഥാർത്ഥ്യം നാം ഓരോരുത്തരും തിരിച്ചറിയേണ്ടതുണ്ട്. എഐ സാങ്കേതികവിദ്യയുടെ ഓരോ വിജയവും ദോഷങ്ങളുടെ ഓരോ പടി മുന്നോട്ട് വയ്ക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. മനുഷ്യമനസ്സുകളിൽ ഉമിത്തീയെന്നപോലെ വളരാൻ

നിർമ്മിതബുദ്ധിയ്ക്ക് സാധിച്ചിട്ടുണ്ട്. പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് ഫിനിക്സ് പക്ഷിയെന്ന പോലെ കുതിച്ചുയരുന്ന മനുഷ്യന്റെയും അതുപോലെതന്നെ നിർമ്മിതബുദ്ധിയുടെയും നീണ്ട പാതയിൽ ഒരു നാഴികക്കല്ലെങ്കിലുമാകാൻ നമുക്ക് സാധിച്ചെങ്കിൽ അത് നമ്മുടെ ഒരു നേട്ടം തന്നെയായിരിക്കും എന്ന കാര്യത്തിൽ ഒരു സംശയം പോലും ഇല്ല. അത്രയും ഉണ്ട് അതിന്റെ ഉയരം.

ഒരു അഴക്കടൽപോലെ നീലാകാശം പോലെ നീണ്ട ഉയരങ്ങളിലേക്കും താഴ്ചകളിലേക്കും മനുഷ്യൻ കുതിക്കുകയാണ്. അറിവിന്റെ സാരം തേടി, അതിന്റെ അവസാനം ഇല്ലാത്ത അറ്റംതേടി അതിവേഗപുരോഗതിയ്ക്ക് മനുഷ്യനോ അറിവിനോടൊപ്പം കുതിക്കുകയാണ്.

# സാങ്കേതിക വിദ്യ

മനുഷ്യനിൽ വരുത്തിയ മാറ്റങ്ങൾ കണ്ട് അറിയാൻ സാധിക്കുന്നതിലുമപ്പുറമാണ്. അതിന്റെ സർഗ്ഗാത്മകതയോടൊപ്പം അതിന്റെ സംവിധാനവും പിന്നാലെ വരുന്നുണ്ട്. സ്വന്തം എന്നപോലെ ചേർത്തുനിർത്താൻ മാത്രം മനുഷ്യനോട് നിർമ്മിതബുദ്ധി അടുത്തുപോയിരിക്കുന്നു എന്നത് ഒരു വലിയ സത്യം തന്നെയാണ്. 'നീ ഇല്ലെങ്കിൽ പിന്നെ എന്തിന് ഞാൻ' എന്ന ആശയം മനുഷ്യമനസ്സുകളിൽ കടന്നുകൂടിയിരിക്കുന്നു. കണ്ടെത്തലുകളുടെയും തിരിച്ചറിയലിന്റെയും ഒരു നീണ്ട യാത്രയിൽ നാം കണ്ട ഏറ്റവും വലിയ ഗുണങ്ങളിലൊന്നായി നിർമ്മിതബുദ്ധിയെ നമുക്ക് കാണാൻ സാധിക്കും. പകരംവയ്ക്കാൻപോലും മറ്റൊന്നിന് ഇടം കൊടുക്കാൻ

നിർമ്മിതബുദ്ധി അവസദിക്കില്ല. ഒടുക്കമില്ലാത്ത തുടക്കമായി മാറിയ നിർമ്മിതബുദ്ധി നമ്മുടെ ജീവിതത്തിന്റെ ഒരു വലിയ ഭാഗം തന്നെയാണ്. ഒരു മനുഷ്യൻ ചെയ്യുന്ന കാര്യം അതേപോലെ ഏറ്റെടുക്കാൻ നിർമ്മിതബുദ്ധിക്ക് സാധ്യമാകും.

നിർമ്മിത ബുദ്ധിയെ നിർമ്മിച്ച മനുഷ്യന്റെ ബുദ്ധിക്കും ഇവിടെ വലിയ പ്രാധാന്യം ഉണ്ട്. ആകാശത്തോളം പറന്ന് തിമിർക്കുന്ന അറിവിനെ കൈയെത്തിപിടിക്കാനുള്ള പരക്കംപാച്ചിലാണ് ഇപ്പോൾ നാം മനുഷ്യരെ കാണുന്നത്.

ഒരു യുഗത്തിലെ പിറവിയാണ് ഓരോ വർഷവും നമ്മുടെ മണ്ണിലേക്ക് ജന്മം എടുക്കുന്നത്. ഒന്നുമില്ലാത്തയൊരാൾ എല്ലാമുള്ളയൊരാളായി എന്ന് എല്ലാ മനുഷ്യ-

ന്നെയും നമുക്ക് പറയാം: അറിവില്ലാ-
ത്തവരായി ലോകത്തിൽ ആരുമില്ല.
എന്നാൽ അതിനെ ഉപയോഗി-
ക്കുക എന്നത് ചുരുക്കം ചില
ആളുകളിൽ മടിയെന്ന ഒരു
അവസ്ഥയെ ഉണ്ടാക്കുന്നു.
കഴിവില്ലാത്തിട്ടല്ല, അതിനെ
പ്രോത്സാഹിപ്പിക്കാത്തിട്ടാണ്.
അറിവില്ലാത്തിട്ടല്ല, അതിനെ
തിരിച്ചറിയാത്തിട്ടാണ് ... തുടങ്ങിയ
നിരവധി പോരായ്മകൾ മനുഷ്യന്മാർ-
ക്കിടയിൽ ഉദിച്ചുവരുന്നു.

ഈ അറിവിനെയും
കഴിവിനെയും കണ്ടെത്തി അതിനെ
വളർത്തിയാൽ മനുഷ്യർക്ക്
ശാസ്ത്രസാങ്കേതിക വിദ്യകളിൽ
ഒരു മഹാത്ഭുതം കൈവരിക്കാൻ
സാധിക്കും എന്ന കാര്യം ഉറപ്പ്.
അപ്പോൾ നിർമ്മിത ബുദ്ധിയുടെ
വളർച്ച ഒന്നുകൂടെ പുരോഗതിയി-
ലേക്ക് തള്ളപ്പെടേണ്ടതായുള്ളൂ.

മനസ്സിൽ തങ്ങിനിൽക്കുന്നത് പ്രാവർത്തികമാക്കുക എന്ന ആശയത്തിൽനിന്ന് ഉദിച്ച ഒന്നാണ് നിർമ്മിതബുദ്ധി. ആ സങ്കൽപ്പ ചിന്തയിൽനിന്ന് ഉരുത്തിരിഞ്ഞ ഒന്നാണ് നിർമ്മിതബുദ്ധി. കാലകാലങ്ങളായി മനുഷ്യമനസ്സിൽ കൂടുകൂട്ടി കിടന്ന പക്ഷിയെ കെട്ടഴിച്ചുവിടുമ്പോൾ അത് വലിയ വലിയ കാര്യങ്ങൾ നിർമ്മിക്കുന്നു. അതിന്റെ ഉയർച്ചതേടി അത് അലയുന്നു. അങ്ങനെ അലയുമ്പോൾ പല താഴ്ചകളും ഉണ്ടായേക്കാം എന്നാലും പറന്ന് ഉയരണം എന്ന ചിന്തയോടെ പാറിയ ഒന്നാണ് നിർമ്മിതബുദ്ധി. നിർമ്മിതബുദ്ധിയുടെ തെളിവായി അത് ഇന്നും നിലകൊള്ളുന്നു. മനുഷ്യന്റെ കാര്യങ്ങളിൽ എപ്പോഴും സഹായിച്ചും അത് കൂടെക്കൂടി.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നിർമ്മിതബുദ്ധി എന്നത് സർഗ്ഗാത്മകതയും ~~സംഹാര~~ സംഹാരവും നിറഞ്ഞതാണ്, രണ്ടിന്റെയും ഒത്തുചേരലാണ് അത്. പ്രകൃതി പുരോഗതിയിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്ന ഒന്നായി അത് മാറിയിരിക്കുകയാണ്. ഒരു ~~ക~~ ചെറിയ ആശയത്തിൽനിന്നോ കണ്ടുപിടുത്തത്തിൽ നിന്നോ ഉയരങ്ങളുടെ കൊടുമുടിയിൽ എത്തിച്ച നിർമ്മിതബുദ്ധിയുടെ യാത്ര ചരിത്രരംഗത്തും പ്രധാന പങ്കുവഹിക്കുന്നുണ്ട്. അവസാനമില്ലാത്തമില്ലാത്ത അറിവ് തേടി അത് ഇനിയും പറന്നുയരുകതന്നെ ചെയ്യും. ശാസ്ത്രത്തിന്റെ പുരോഗതിയെന്നപോൽ സാങ്കേതികവിദ്യയുടെ പുരോഗതിയും വളർച്ചയുടെയും ഉയർച്ചയുടെയും അഭിമാനത്തിന്റെയും നേട്ടങ്ങൾ കൈവരിക്കും.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

എന്നെയെല്ലാം ഉപകാ-
രമുണ്ടെന്ന് പറഞ്ഞാലും അതിന്
ദോഷങ്ങളും ഉണ്ട്. അത് മാധ്യമങ്ങ
ൾ വഴി വരുത്തുന്ന ദോഷങ്ങളാണ്
ഏറെയും. മൊബൈൽ വഴിയും കമ്പ്യൂ
ട്ടർ വഴിയും മറ്റും നടത്തുന്ന
സൈബർ ആക്രമണം, പൈസ
തട്ടിയെടുക്കൽ തുടങ്ങിയ തിരിമറി
പ്രയോഗങ്ങൾ എഐ വഴി
സാധ്യമാണ്. മാധ്യമങ്ങൾ വഴി
പരിചയപ്പെട്ടും മറ്റുള്ളവരുടെ
ഫോൺ ഹാക്ക് ചെയ്തും അവ-
രുടെ സ്വന്തം കാര്യങ്ങളിൽ
ആവശ്യമില്ലാതെ ആളറിയാതെ
യുള്ള ഇടപെടലുകളും
ഇവിടെ നിർമ്മിത ബുദ്ധിയുടെ
ഒരു വലിയ ദോഷമായി നമുക്ക്
കാണാം. ആവശ്യമില്ലാത്ത ഓരോ
ബന്ധങ്ങൾ സ്ഥാപിച്ച് സ്വന്തം
ജീവനെപ്പോലും നഷ്ടപ്പെടുത്തുന്ന
തരത്തിൽ നിർമ്മിതബുദ്ധി ഉപയോ-

ഗിച്ച് ചില മനുഷ്യർ കാട്ടിക്കൂട്ടുകയാണ്. ഇത്തരത്തിലുള്ള ആവശ്യമില്ലാത്ത പ്രവണതകളും ഇതിലൂടെ കടന്നുവരുന്നുണ്ട്. അതുപോലെതന്നെ ഫോണുകൾ ഹാക്ക് ചെയ്ത് പണം കടംവാങ്ങുന്ന രീതിയിലുള്ള തട്ടിപ്പും ഇവിടെ കാണാൻ സാധിക്കും. സൈബർ അക്രമണവും പണം തട്ടിയെടുക്കലും മനുഷ്യ-ന്റെ ജീവൻവരെ അപകടത്തിൽ പെടുത്തിയേക്കാം.

മനുഷ്യന്റെ ജീവന് ഒരു വിലയും കൽപ്പിക്കാത്ത ഈ തലമുറയിൽ ആ ജീവിന്റെ പ്രാധാന്യത്തെ കാട്ടിക്കൊടുക്കേ-ണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ~~മാനസികമായും ശാരീരികമായും~~ മനുഷ്യന്റെ നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള ചെയ്തികളിൽ ~~[illegible]~~ മാനസികവും ശാരീരികവുമായി ട്ടുള്ള തകർന്നടിയുന്ന ജീവിതമായിരി-

യ്ക്കും അന്ത്യഫലം. ഇത്തരത്തിലുള്ള
മനുഷ്യചെയ്തികൾ പാവങ്ങളുടെ
ജീവിതം തകർക്കും. സ്വന്തം
ജീവനിൽ പോലും വില കൽപ്പിക്കാ-
ത്തവർ മറ്റുള്ളവരുടെ ജീവന്റെ
പ്രാധാന്യം എങ്ങനെയാണ്
തിരിച്ചറിയുക.

നിർമ്മിതബുദ്ധിയുടെ
അമിതമായ ഉപയോഗം ഇത്ത-
രത്തിലുള്ള ദുഷ്ടത നിറഞ്ഞ
ഒരു സാഹചര്യത്തിലേക്കും
നമ്മെ നയിക്കുമെന്ന കാര്യം
മനസ്സിലാക്കുക. അതുപോലെ
തന്നെ അമിതമായ നിർമ്മിത
ബുദ്ധിയുടെ ഉപയോഗം മനുഷ്യരി-
ൽ ആരോഗ്യപ്രശ്നങ്ങൾക്കും
അതുപോലെതന്നെ മറ്റ് അസു-
ഖങ്ങളിലേക്കും വഴിതെളിക്കും
എന്നത് ഒരു വലിയ കാര്യമാണ്.
അതിനാൽ തന്നെ വളരെ
വിവേചനബുദ്ധിയോടെ നിർമ്മിത

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 • തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ പ്രോഗ്രാം കമ്മിറ്റി

Item Code: 643 Participant Code: 036

ബുദ്ധിയെ സമീപിക്കുന്നവർക്ക്
മാത്രമേ വിജയത്തിന്റെ കൊടു-
മുടിയിൽ എത്തിക്കാൻ സാധിക്കൂ.
അല്ലാത്ത മനസ്സിൽ വിഷം
കുത്തിനിറച്ചുകൊണ്ട് അതി
ദൂഷ്യമായി നിർമ്മിതബുദ്ധിയെ
സമീപിക്കുന്നവർക്ക് നിരാശയുടെ
പടുകുഴിയിൽ ജീവിതത്തെ
വലിച്ചെറിയേണ്ടി വരുമെന്ന
യാഥാർത്ഥ്യം തിരിച്ചറിയുക.

യൂട്യൂബ് ചാനലുകളിലും
ഷോർട്ട് വീഡിയോകളിലും നല്ലതും
ചീത്തയും കാണും. അതിലേതാണ്
നമ്മെ നല്ലതിലേക്ക് നയിക്കുക എന്ന്
തിരിച്ചറിഞ്ഞ് അതിനെ പിന്തുടർ-
ന്നാൽ നമ്മുടെ വിജയം ഉറപ്പാണ്.
അല്ല, മറിച്ച് ഏതാണ് തിരഞ്ഞെ-
ടുക്കേണ്ടതെന്ന് പോലും ചിന്തിക്കാതെ
വഴിതെറ്റിപോകുന്ന ഒരു ജീവിതം
മതിയെന്നുള്ളവർക്ക് ഏതൊരു
വീഡിയോയെയും സമീപിക്കാവുന്നതാണ്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം പ്രോഗ്രാം കമ്മിറ്റി തൃശ്ശൂർ
തീയതി..................

എന്നാൽ അതിന്റെ അവസാനം നിങ്ങൾ നീറി മരിക്കേണ്ടി വരും എന്നത് ഒരു യാഥാർത്ഥ്യമായ കാര്യമാണ്. ഇതിനെല്ലാമിടയിൽ നിർമ്മിതബുദ്ധിയുടെ കടന്നുവരവിനു പ്രധാന സ്ഥാനമുണ്ട്.

ഓരോരുത്തരും എല്ലാവർക്കും വേണ്ടി, എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്ന ചിന്തയോടെ അറിവിനെ കൂട്ടിച്ചേർത്താൽ നിർമ്മിതബുദ്ധിയെന്ന സാങ്കേതികവിദ്യയുടെ വളർച്ച കൈയെത്താദൂരത്തേയ്ക്ക് ഉയരുമെന്നതാണ് യാഥാർത്ഥ്യം. അറിവിന്റെ ഓരോ പടി കയറുമ്പോഴും അത് സർഗ്ഗാത്മകതയോ സംഹാരമോ എന്ന തിരിച്ചറിവ് ഉൾക്കൊണ്ട് പ്രവർത്തിക്കുക. നിർമ്മിത ബുദ്ധിയെന്നു സർഗ്ഗാത്മകതയാണോ അതോ സംഹാരമാണോ എന്ന ചോദ്യത്തിന് ഉത്തരമാണ് ഇത്. ഓരോ ദാസിക്കും ഓരോ തിളക്കമുള്ള വിജയത്തിനായു-

ള്ള ഒരു അവസരമുണ്ട് നിർമ്മിത ബുദ്ധിയുടെ കൂടുതൽ ഉയർച്ചയ്ക്കായി നമുക്ക് കൈകോർക്കാം.

അതിന്റെ വളർച്ച......

നമ്മുടെയും വളർച്ച........

അത് നമ്മുടെ ഭാവിയുടെയും വളർച്ച...

* * * * * * * * * * * * * *

അത് എല്ലാവരുടെയും ഉയർച്ച...